**കേരള സർക്കാർ**
**സംഗ്രഹം**

കെ എസ് ആർ ഭാഗം **3** ചട്ടം **90 (6)** ലെ മുൻഗണന പട്ടികയ്ക്ക് അനുസൃതമായി പേഴ്സണൽ സ്റ്റാഫിൽ നിന്നും വിരമിച്ചവരുടെ അനന്തരവകാശികൾക്ക് കുടുംബപെൻഷൻ പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (**പെൻഷൻ-ബി**) വകുപ്പ്

സ.ഉ. (അച്ചടി) നം. **138**/17/ധന തിരുവനന്തപുരം, തീയതി : **04.11.2017.**

---

പരാമർശം : 1. സ . ഉ ( കൈ ) നം . 343/ പി . ഡി /1959 തീയതി 03.03.1959.
2. സ . ഉ ( കൈ ) നം . 283/94/ പൊ . ഭ . വ തീയതി 23.09.1994.
3. സ . ഉ ( കൈ ) നം . 391/2010/ പൊ . ഭ . വ തീയതി 01.12.2010.
4. സ . ഉ ( പി ) നം . 116/16/ ധന തീയതി 15.08.2016.

**ഉത്തരവ്**

പേഴ്സണൽ സ്റ്റാഫിന്റെ നിയമനം , വേതനം , സേവനം എന്നിവ നിർണ്ണയിച്ചിരിക്കുന്നത് പരാമർശം 1 പ്രകാരമാണ്. 2 വർഷവും ഒരു ദിവസവും സേവനമുള്ള വിരമിച്ച പേഴ്സണൽ സ്റ്റാഫിന് പരാമർശം 2 പ്രകാരം പെൻഷനു അർഹതയുണ്ട്. പരാമർശം **3** പ്രകാരം 01.04.1982 നു ശേഷം നിയമിതരായവരും മിനിമം പെൻഷനു അർഹതയുണ്ടായിരുന്നതുമായ പേഴ്സണൽ സ്റ്റാഫ് ജീവനക്കാരന്റെ അർഹരായ കുടുംബാംഗങ്ങൾക്കു പ്രതിമാസം 600/- രൂപ നിരക്കിൽ കുടുംബ പെൻഷൻ അനുവദിക്കുകയുണ്ടായി.പരാമർശം **4** പ്രകാരം പേഴ്സണൽ സ്റ്റാഫിന്റെ മിനിമം പെൻഷൻ / കുടുംബപെൻഷൻ 2400/- രൂപയാണ്. ടി വിഭാഗത്തിന് 300/- രൂപ മെഡിക്കൽ അലവൻസും കുടുംബ പെൻഷനു ക്ഷാമാശ്വാസവും അനുവദിച്ച് വരുന്നു.

**2.** കേരള സർവ്വീസ് റൂൾസിലെ വ്യവസ്ഥകൾ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ കുടുംബ പെൻഷനും ബാധകമാക്കണമെന്ന ആവശ്യം വിവിധ കോണുകളിൽ നിന്നും ഉയർന്നു

വരികയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കേരള സർവ്വീസ് റൂൾസ് ഭാഗം 3 ചട്ടം 90 (6) ലെ മുൻഗണന പട്ടികയ്ക്ക് അനുസൃതമായി ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ പ്രകാരം പേഴ്സണൽ സ്റ്റാഫിൽ നിന്നും വിരമിച്ചവരുടെ അനന്തരവകാശികൾക്ക് കുടുംബപെൻഷൻ പുതുക്കി നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(i) 01.04.1982 ന് ശേഷം പേഴ്സണൽ സ്റ്റാഫിൽ സേവനമനുഷ്ഠിച്ച് വിരമിക്കുകയും തുടർന്ന് മരണപ്പെടുകയും ചെയ്തവരുടെ അർഹരായ കുടുംബാംഗങ്ങൾക്കു, വിരമിക്കൽ സമയത്ത് പെൻഷനർക്ക് അനുവദിച്ച / ലഭിക്കുമായിരുന്ന പെൻഷന്റെ പകുതി കുടുംബ പെൻഷനായി അനുവദിക്കുന്നതാണ് .

(ii) ഇത്തരത്തിൽ കണക്കാക്കുന്ന കുടുംബ പെൻഷൻ പേഴ്സണൽ സ്റ്റാഫിന്റെ മിനിമം കുടുംബ പെൻഷനെക്കാൾ കുറവാണെങ്കിൽ മിനിമം കുടുംബ പെൻഷനായ 2400/- രൂപ അനുവദിക്കുന്നതാണ് .

(iii) പേഴ്സണൽ സ്റ്റാഫ് സർവ്വീസിലിരിക്കെ കുറഞ്ഞ പെൻഷനു അർഹത നേടിയതിനു ശേഷം മരണമടഞ്ഞ ജീവനക്കാരന്റെ അനന്തരവകാശികൾക്കും മുൻ ഖണ്ഡിക ( i) പ്രകാരം കുടുംബ പെൻഷൻ നൽകുന്നതാണ് .

(iv) 01.04.1982 ന് ശേഷം നിയമിതരായതും പെൻഷനു അർഹത നേടാതെ മരണമടഞ്ഞതുമായ പേഴ്സണൽ സ്റ്റാഫ് ജീവനക്കാരന്റെ അർഹരായ കുടുംബാംഗങ്ങൾക്കു ഉത്തരവ് തീയതി മുതൽ പേഴ്സണൽ സ്റ്റാഫിന്റെ മിനിമം കുടുംബ പെൻഷനു അർഹത നൽകുന്നു .

(v) പുതിയ നിരക്കിലുള്ള കുടുംബ പെൻഷനു സാമ്പത്തിക ആനുകൂല്യം ഉത്തരവ് തീയതി മുതൽ മാത്രമാണ് .

(vi) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പേഴ്സണൽ സ്റ്റാഫ് സർവ്വീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ. ഷർമ്മിള മേരി ജോസഫ് IAS**
**ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
പൊതു ഭരണ (എസ് സി) വകുപ്പ് (ഇനം. 1561 തീയതി 25.10.2017).
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, വകുപ്പു തലവന്മാർക്കും.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവണ്മെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു.സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി.
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ / ധനകാര്യ എക്സ്പെന്റിച്ചർ സെക്രട്ടറിയുടെ പി. എ.
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ,തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഗവൺമെന്റ് കമ്പനികൾ/ബോർഡ്/കോർപ്പറേഷനുകൾ/ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിങ് ഡയറക്ടർമാർ/ജനറൽ മാനേജർമാർ.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം.
രജിസ്ട്രാർ,സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ.
ജില്ലാ ട്രഷറികളും സബ് ട്രഷറികളും.
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ,പബ്ലിക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ